വെസ്റ്റേറൺ ഇന്ത്യ പ്ലൈവുഡ് കമ്പനിക്ക് മരം നൽകാൻ കരാർ

*205 [220] ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:
,, റാവു. എച്ച്. മുസ്തഫാ:
,, ഇ. നാരായണൻ നായർ:
,, പി. ബാലൻ:
,, വക്കം പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 മാർച്ചിനുശേഷം വെസ്റ്റേറൺ ഇന്ത്യാ പ്ലൈവുഡ് കമ്പനിക്ക് മരം നൽകാൻ ഏതെങ്കിലും കരാറിൽ ഗവൺമെന്റ് ഏർപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം;

(സി) ഈ മരത്തിന് പരസ്യവിപണിയിൽ എന്തു വിലയുണ്ട്;

(ഡി) പരസ്യവിപണിയിലെ വിലയുമായി തട്ടിച്ചുനോക്കുമ്പോൾ സർക്കാരിനു വരുന്ന മൊത്തം നഷ്ടം എത്ര?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി, സി, ഡി) മേൽപ്പറഞ്ഞ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കൈത്തൊഴിൽകാർക്ക് അനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ

*206 [221] ശ്രീ. സി. വാസുദേവമേനോൻ:
,, എ. പി. കുര്യൻ:
,, റാവു. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഈറ, മുള മുതലായ വനവിഭവങ്ങൾ എടുത്ത് കൈത്തൊഴിൽ ചെയ്യുന്നതിന് എന്തെങ്കിലും പ്രത്യേക സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്നു വ്യക്തമാക്കുമോ;

(സി) നിക്ഷിപ്ത വനഭൂമിയിൽനിന്നും ഇത്തരം വിഭവങ്ങൾ എടുക്കുന്നതിന് പട്ടികവർഗ്ഗക്കാരെ അനുവദിക്കുന്നില്ലെന്ന് വല്ല പരാതിയും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ എടുത്തു?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തികൾക്ക് കൈത്തൊഴിൽ ചെയ്യുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ജില്ലാ ഹരിജൻ വെൽഫയർ ആഫീസറുടെ സാക്ഷിപത്രത്തിന്റെ ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽനിന്നും നൽകുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണത്തിൽ പ്രസ്തുത പരാതിയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ അടിസ്ഥാനരഹിതമാണെന്നു ബോധ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly